I/6100992/2024

# കേരള സർക്കാർ

## ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

## <u>വിജ്ഞാപനം</u>

No:HEDN-J1/8/2024-HEDN    തീയതി:04-03-2024

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ നിയന്ത്രിത സ്വയം ഭരണ സ്ഥാപനമായ തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് ( ഐ . എച്ച് . ആർ . ഡി ) യിലെ ഡയറക്ടർ തസ്തികയിലെ നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു .

***<u>യോഗ്യതകൾ:-</u>***

എഞ്ചിനിയറിംഗ് / ടെക്നോളജി എന്നിവയിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം (പി.എച്ച്.ഡി അഭിലഷണീയം) . കൂടാതെ എഞ്ചിനിയറിംഗ് കോളേജിൽ 15 വർഷത്തിൽ കുറയാതെ അദ്ധ്യാപന പരിചയം. അതിൽ 3 വർഷം പ്രൊഫസർ / പ്രിൻസിപ്പൽ തസ്തികയിൽ ഭരണപരമായ പരിചയവും ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

എഞ്ചിനിയറിംഗ് / ടെക്നോളജി എന്നിവയിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം (പി.എച്ച്.ഡി അഭിലഷണീയം) . കൂടാതെ 10 വർഷത്തിൽ കുറയാതെ എഞ്ചിനിയറിംഗ് കോളേജിലെ അദ്ധ്യാപന പരിചയം. അതിൽ 3 വർഷം പ്രൊഫസർ / പ്രിൻസിപ്പൽ തസ്തികയിൽ ഭരണപരമായ പരിചയവും, കൂടാതെ 5 വർഷത്തെ വ്യവസായ സ്ഥാപനങ്ങളിലുള്ള പ്രവർത്തി പരിചയവും ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടർ / ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ 7 വർഷത്തെ സേവന പരിചയം.

അല്ലെങ്കിൽ

കേന്ദ്ര ഭരണ സർവ്വീസിൽ നിന്ന് അന്യത്ര സേവന വ്യവസ്ഥയിൽ.

***<u>നിയമന രീതി:-</u>***

ഡയറക്ടർ നിയമനത്തിനായി സർക്കാർ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിലാണ് നിയമനം നടത്തുന്നത്. 3 വർഷം അല്ലെങ്കിൽ 58 വയസ്സ് പൂർത്തിയാകുന്നതു വരെ (ഏതാണോ ആദ്യം) കാലയളവിലേക്കാണ് നിയമനം നടത്തുന്നത്.

***ശമ്പള സ്കെയിൽ:-***

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തികയിൽ എ.ഐ.സി.ടി.ഇ നിർദ്ദേശിച്ചതും കേരള സർക്കാർ കാലാകാലങ്ങളിൽ ഉത്തരവിട്ടിട്ടുള്ളതുമായ ശമ്പള സ്കെയിൽ പ്രകാരം.

യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിശ്ചിത മാതൃകയിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും **'ഗവൺ മെന്റ് അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്, റൂം നമ്പർ: 314, മൂന്നാം നില, അനക്സ്-II, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം'** എന്ന വിലാസത്തിൽ ഈ പരസ്യം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം നൽകേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **"Application for the post of Director, Institute of Human Resources Development (IHRD), Thiruvananthapuram"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. കൂടാതെ അപേക്ഷയുടെ പകർപ്പ് ***highereducationas1@gmail.com*** എന്ന ഇ-മെയിൽ അഡ്രസ്സിലും ലഭ്യമാക്കേണ്ടതാണ്.

സി അജയൻ
അഡിഷണൽ സെക്രട്ടറി